(എഫ്) ജോലിഭാരം വളരെ അധികമായി വരുന്നില്ല. 10-ാം ക്ലാസിൽ ഒരു ഡിവിഷനുള്ള സ്ഥാപനത്തിൽ ആകെ നൽകാൻ കഴിയുന്നത് 12 പീരിയഡാണ്. മിനിമം 9 അദ്ധ്യാപകർ ഉണ്ടാകും എന്നതിനാൽ ഒരദ്ധ്യാപകന് ഒരാഴ്ചയിൽ ഒന്നിൽ കൂടുതൽ പീരിയഡ് അധികമായി ജോലി ചെയ്യേണ്ടി വരുന്നില്ല. പ്രാദേശികത പരിഗണിച്ച് രാവിലെയും വൈകുന്നേരവും അദ്ധ്യാപകർക്ക് ഉചിതമായ സമയം പഠന പ്രവർത്തനങ്ങൾക്കായി നൽകുവാനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. അദ്ധ്യാപകർ എല്ലാവരും തന്നെ ഒഴിവു പീരിയഡുകളിൽ ബോധന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരായതിനാൽ ഇതൊരു അധിക ജോലിയോ ബാദ്ധ്യതയോ ആയി ആരും പരിഗണിക്കാറില്ല.

(ജി) ദത്തെടുക്കൽ പദ്ധതി പ്രകാരം നിർദ്ധനരും എന്നാൽ സമർത്ഥരുമായ വിദ്യാർത്ഥികളുടെ പഠന സൗകര്യം മെച്ചപ്പെടുത്തുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും പി.ടി.എ. യുടെയും സഹായത്തോടുകൂടി 70% സ്കൂളുകളിൽ പഠനോപകരണങ്ങളും ഭക്ഷണവും സൗജന്യമായി നൽകിവരുന്നുണ്ട്. കൂടാതെ പഠന പ്രവർത്തനങ്ങൾക്കായി വില കുറഞ്ഞ പഠനസഹായികൾ നിർമ്മിക്കുന്നതിനും വാങ്ങുന്നതിനും ചെറിയ തുക സ്പെഷ്യൽ ഫീസിൽ നിന്നും ഉപയോഗിക്കുന്നതിന് ഹെഡ്മാസ്റ്റർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്. റഫറൻസ് ബുക്കുകളും ആഡിയോ കാസറ്റുകളും നൽകിയിട്ടുണ്ട്. ദത്തെടുക്കൽ പദ്ധതി പ്രകാരം നടത്തുന്ന എല്ലാ വിദ്യാഭ്യാസ പ്രവർത്തനങ്ങളിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും പി.ടി.എ.യുടെയും സന്നദ്ധ സംഘടനകളുടെയും സഹായവും പങ്കാളിത്തവും ലഭിക്കുന്നുണ്ട്.

പ്രീ-പ്രൈമറി വിദ്യാഭ്യാസം

26 (*116) ശ്രീ. പി. രാഘവൻ :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീ. സി. കെ. രാജേന്ദ്രൻ :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സർക്കാർ സ്കൂളുകളിൽ പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിന് കൂടുതൽ സൗകര്യങ്ങൾ ഏർപ്പടുത്താൻ സർക്കാർ ആലോചിക്കുമോ ;

(ബി) എല്ലാ സർക്കാർ സ്കൂളുകളിലും പ്രീ-പ്രൈമറി വിഭാഗം ആരംഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ;

(സി) പ്രീ- പ്രൈമറി വിഭാഗത്തിന്റെ നടത്തിപ്പിന് പി.ടി.എ.യുടെ സഹകരണം ആവശ്യപ്പെടുമോ ;

(ഡി) പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകുന്നതിന് സർക്കാർ സ്കൂൾ പി.ടി.എ. കമ്മിറ്റിക്ക് നിർദ്ദേശം നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിന് മാത്രമായി പ്രത്യേക ഡയറക്ടറേറ്റ് രൂപീകരിച്ചിട്ടുണ്ടോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) പരിഗണനയിലാണ്

(ബി) വേണ്ടത്ര സ്ഥലസൗകര്യമുള്ള സർക്കാർ സ്കൂളുകൾ സ്വന്തം ചെലവിൽ നടത്തുന്നതിന് അതത് സ്കൂളുകളിലെ അദ്ധ്യാപക-രക്ഷാകർതൃ സമിതിക്ക് അനുമതി നൽകിയിട്ടുണ്ട്.

(സി) സർക്കാർ ഉത്തരവ് നമ്പർ (സാധാരണ) 2453/68/പൊ.വി. തീയതി, 15-7-88 പ്രകാരം സ്ഥലസൗകര്യമുള്ള സർക്കാർ സ്കൂളുകളിൽ പി.ടി.എ.യുടെ മേൽനോട്ടത്തിൽ ആണ് പ്രീ-പ്രൈമറി ക്ലാസ്സുകൾ നടത്തുന്നത്.

(ഡി) പരിഗണിക്കുന്നതാണ്

(ഇ) ഇല്ല.

നിയോജകമണ്ഡലാടിസ്ഥാനത്തിൽ വ്യവസായ പാർക്കുകൾ

27 (*117) ശ്രീ. എൻ. കണ്ണൻ :
ശ്രീ. പി. വിശ്വൻ :
ശ്രീ. എം. എ. തോമസ് :
ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും സദയം വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിയോജക മണ്ഡലാടിസ്ഥാനത്തിൽ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിന് സർക്കാർ എന്തെങ്കിലും പദ്ധതി നടപ്പിലാക്കുവാൻ ആലോചിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിനുവേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) വ്യവസായ പാർക്കുകളുടെ നിർമ്മാണത്തിനുവേണ്ടി ആവശ്യമായ ഫണ്ട് സ്വരൂപിക്കുവാൻ ആലോചിക്കുമോ ;

(ഡി) വ്യവസായ പാർക്കുകളുടെ നിർമ്മാണം ഏത് ഏജൻസിയെക്കൊണ്ട് നടത്തിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ ;

(ഇ) ഇതിനുവേണ്ടി എത്ര നിയോജക മണ്ഡലങ്ങളിൽ സ്ഥലം ലഭ്യമാക്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(എഫ്) പ്രസ്തുത പദ്ധതിക്ക് തുടക്കം കുറിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly